(ഡി) ഉണ്ടെങ്കിൽ അടുത്തവർഷം എത്ര വിദ്യാലയങ്ങൾക്കാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുവദിക്കുന്ന പ്ളസ് ടു സ്ക്കൂളുകളുടെ എണ്ണത്തിനനുസൃതമായാണ് ഇക്കാര്യം നിശ്ചയിക്കപ്പെടുക. ഈ ഘട്ടത്തിൽ കൃത്യമായ എണ്ണം പറയാൻ നിർവ്വാഹമില്ല.

(സി) പരിശോധിച്ചുവരുന്നതേയുള്ളു.

(ഡി) എണ്ണം തീരുമാനിച്ചിട്ടില്ല.

സർവ്വീസിലുള്ള ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് എക്സംപ്ഷൻ നൽകണമെന്ന ആവശ്യം

111 (1242) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിന് യോഗ്യതാ പരീക്ഷ പാസ്സാകണമെന്ന് തീരുമാനിച്ച തീയതിക്ക് സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഈ പരീക്ഷയിൽ നിന്ന് എക്സംപ്ഷൻ നൽകാത്തത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ തീരുമാനം ദീർഘകാല നിയമനടപടികൾക്ക് ഇടയാകുമെന്ന് കരുതുന്നുണ്ടോ ;

(സി) ഈ ഗണത്തിൽപ്പെട്ടവർക്ക് പരീക്ഷ പാസ്സാകുവാൻ എത്ര കാലം അനുവദിക്കും ;

(ഡി) ഇതിനിടയിൽ എത്ര ടെസ്റ്റ് നടക്കാനുള്ള സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി പ്ളസ്ടു അദ്ധ്യാപകരുടെ വിഷയത്തിലുള്ള അറിവും, പൊതുവിജ്ഞാനവും വിവേചന അഭിരുചി എന്നിവ അളക്കുന്നതിനുള്ള മാനദണ്ഡം എന്ന നിലയിലാണ് എസ്.ഇ.റ്റി. പരീക്ഷ എല്ലാവർക്കും (1995-96-ന് ശേഷം നിയമിക്കപ്പെട്ടവർക്ക്) നിർബന്ധമാക്കിയത്.

(ബി) കരുതുന്നില്ല.

(സി) രണ്ട് വർഷം കാലയളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) തുടക്കത്തിൽ വർഷത്തിൽ ഒരു ടെസ്റ്റ് എന്നവിധം പരീക്ഷകൾ നടത്താനാണ് ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly